# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3531     20.06.2019-ൽ മറുപടിയ്ക്ക്

## പ്രവാസി ഡിവിഡന്റ് പദ്ധതി

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസി നിക്ഷേപങ്ങൾക്ക് പ്രതിമാസം പത്ത് ശതമാനം ലാഭവിഹിതം നൽകുന്ന പ്രവാസി ഡിവിഡന്റ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | എ)<br>&<br>ബി) | പ്രവാസി നിക്ഷേപം സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗിക്കുന്ന രീതിയിൽ പ്രവാസികൾക്ക് ഒരു നിശ്ചിത വരുമാനം ലഭിക്കുന്ന തരത്തിൽ നിക്ഷേപാധിഷ്ഠിത പ്രതിമാസ വരുമാന പദ്ധതിയായ 'പ്രവാസി ഡിവിഡന്റ് പദ്ധതി'ക്ക് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. വിദേശത്തുള്ളവരും തിരിച്ച് വന്നവരും കേരളത്തിന് പുറത്ത് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്യുന്നവരുമായ പ്രവാസികളുടെ നിക്ഷേപം നമ്മുടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ദീർഘകാലാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തി സർവ്വതോന്മുഖമായ പുരോഗതി നേടുന്നതിനും പ്രവാസികൾക്ക് സ്ഥിര വരുമാനം ലഭിക്കുന്ന സുരക്ഷിതമായ ഒരു നിക്ഷേപ പദ്ധതിയായിട്ടുമാണ് പ്രവാസി ഡിവിഡന്റ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| ബി) | കേരള പ്രവാസി ക്ഷേമ ബോർഡ് ഇത് സംബന്ധമായി 2017 സെപ്റ്റംബറിൽ സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുക ഉണ്ടായോ; | | |
| സി) | ഇതുമായി ബന്ധപ്പെട്ട ഫയൽ ഉത്തരവാകാതെ പൊതുഭരണ, ധനകാര്യ നിയമ, നോർക്ക വകുപ്പുകളിലായി നിരവധി തവണ ചുറ്റിത്തിരിഞ്ഞതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഇല്ല. |

| | | | |
|---|---|---|---|
| ഡി) | എങ്കിൽ പ്രവാസി മലയാളികളുടെ ഈ സ്വപ്നപദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും? | ഡി) | പ്രവാസി ഡിവിഡന്റ് പദ്ധതി നടപ്പിലാക്കുന്നതിനായി 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൽ ഭേദഗതികൾ വരുത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രവാസി ഡിവിഡന്റ് പദ്ധതി നടത്തിപ്പിനായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കിഫ്ബി മുഖാന്തിരം പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച വിശദമായ സ്കീം തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ